**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1123** **27-07-2021 - ൽ മറുപടിയ്ക്ക്**

**മാനന്തവാടി മണ്ഡലത്തിൽ അനുവദിച്ച മാതൃകാ കോളേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം മാനന്തവാടി നിയോജക മണ്ഡലത്തിൽ അനുവദിച്ച മാതൃകാ ഡിഗ്രി കോളേജ് ആരംഭിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | നിലവിൽ കേന്ദ്ര വിഹിതമായ 7.2 കോടി രൂപ നാളിതുവരേയും ലഭ്യമായിട്ടില്ല എന്നതാണ് ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിന് തടസ്സമായി നിൽക്കുന്നത്. |
| (ബി) | ഇവ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ബി) | കേന്ദ്രം നിഷ്കർഷിച്ചിരുന്ന എല്ലാ മാനദണ്ഡങ്ങളും റൂസാ സംസ്ഥാന പദ്ധതി കാര്യാലയവും സംസ്ഥാന സർക്കാരും യഥാസമയം നിർവ്വഹിച്ചിട്ടുണ്ട്. 15/07/2021-ൽ ഇതുവരെ റൂസാ സംസ്ഥാന പദ്ധതി കാര്യാലയം സ്വീകരിച്ച നടപടികൾ ക്രോഡീകരിച്ച് റൂസാ ദേശീയ കോഡിനേറ്റർക്ക് അയച്ചു നൽകുകയും പദ്ധതി വിഹിതം അടിയന്തിരമായി അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ